2007-08 മുതൽ 2013-14 വരെ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പൂതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരവും ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരവും ആകെ 19397 വീടുകൾ അനുവദിച്ചിട്ടുണ്ട്. വർഷവും ജില്ലയും തിരിച്ചുള്ള വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.*

2015-16 ൽ ഭൗതിക ലക്ഷ്യം 5000 ആയി നിശ്ചയിച്ച് ഭവനനിർമ്മാണ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) അനുവദിച്ച വീടുകളിൽ 10818 വീടുകൾക്ക് എല്ലാ ഗഡുക്കളും അനുവദിച്ചിട്ടുണ്ട്. പൂർത്തിയായ വീടുകളുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി)

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 9000 | 8986.01 |
| 2012-13 | 10000 | 9999.85 |
| 2013-14 | 9500 | 8484.75 |
| 2014-15 | 24000 | 12381.4 |
| 2015-16 | 18000 | 2938.50 (മേയ് 2015 വരെ) |

2014-15 വർഷം പദ്ധതിക്കായി അനുവദിച്ചിരുന്ന 240 കോടി രൂപയിൽ നിന്നും 80 കോടി രൂപ ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ അധിക സംസ്ഥാന വിഹിതമായി ഗ്രാമവികസന വകുപ്പിനു നൽകുന്നതിനായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

## പട്ടികജാതിക്ഷേമത്തിനായി ചെലവഴിച്ച തുക

**309 (975)** <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ നാലുവർഷം പട്ടികജാതി ക്ഷേമത്തിനായി, പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ നാലുവർഷം പട്ടികജാതി ക്ഷേമത്തിനായി പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ. നം. | വർഷം | പദ്ധതിയിനത്തിൽ ചെലവഴിച്ച തുക | പദ്ധതിയേതര ഇനത്തിൽ ചെലവഴിച്ച തുക | ആകെ |
|---|---|---|---|---|
| 1 | 2011-12 | 27,68,24,028 | 3,56,38,481 | 31,24,62,509 |
| 2 | 2012-13 | 30,79,18,967 | 5,11,83,575 | 35,91,02,542 |
| 3 | 2013-14 | 25,20,19,848 | 5,10,42,486 | 30,30,62,334 |
| 4 | 2014-15 | 25,83,12,043 | 5,48,03,822 | 31,31,15,865 |
| | ആകെ | 109,50,74,886 | 19,26,68,364 | 128,77,43,250 |

**പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച ഭൂമി**

**310 (976)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് 2012-13 മുതൽ 2014-15 വരെ അനുവദിച്ച ഭൂമിയുടെ ഗുണഭോക്താക്കളുടെ എണ്ണവും അതിനായി ഓരോ വർഷവും ചെലവഴിച്ച തുകയും പ്രത്യേകം വ്യക്തമാക്കുമോ ;

(ബി) ഓരോ ഗുണഭോക്താവിനും എത്ര വീതം ഭൂമിയാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2012-13 | 11047 | 16937.87 |
| 2013-14 | 6290 | 9996.51 |
| 2014-15 | 3566 | 13932.78 |

LIBRARY ARCHIVES Kerala Legislative Assembly